പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **T 5629** **29.07. 2015-** ലെ മറുപടി

**വിമാനക്കൂലി വർദ്ധനവ് മൂലം പ്രവാസി മലയാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ. ഉമ്മൻ ചാണ്ടി<br>*(മുഖ്യമന്ത്രി)* |
| എ) വിമാനക്കൂലി ക്രമാതീതമായി വർദ്ധിപ്പിക്കുന്നതു മൂലം പ്രവാസി മലയാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ എയർ ഇൻഡ്യ അടക്കമുള്ള വിമാന കമ്പനികളുമായി ചർച്ച നടത്തി പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | എ) പ്രവാസികൾ ഏറെയുള്ള സംസ്ഥാനത്തിന്റെ താല്പര്യത്തെ പ്രതികൂലമായി ബാധിക്കുന്ന വിമാന കമ്പനികളുടെ പ്രവർത്തനങ്ങൾക്കെതിരെ കേന്ദ്ര സർക്കാരിൽ നിരന്തര സമ്മർദ്ദം ചെലുത്തി വരുന്നു. തിരക്കുള്ള സമയത്ത് യാത്രാ നിരക്ക് വർദ്ധിപ്പിക്കുക, വിമാനം റദ്ദാക്കുക എന്നിങ്ങനെയുള്ള വിവിധ പ്രശ്നങ്ങൾ ബഹു. മുഖ്യമന്ത്രിയും ബഹു. സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രിയും കത്ത് മുഖേനയും ഡൽഹി സന്ദർശന വേളയിൽ നേരിട്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗൾഫ് മേഖലയിലേക്ക് മതിയായ വിമാന സർവ്വീസുകൾ ഉറപ്പാക്കണമെന്നും എയർലൈനുകൾ തിരക്കുള്ള സമയങ്ങളിൽ അമിതമായ യാത്രാക്കൂലി ഈടാക്കുന്നില്ലായെന്ന് ഉറപ്പാക്കണമെന്നും നോർക്ക വകുപ്പ് കേന്ദ്ര വ്യോമയാന വകുപ്പിനോടും എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയോടും എയർ ഇന്ത്യ എക്സ്പ്രസ്സിനോടും കത്ത് മുഖേന അഭ്യർത്ഥിച്ചിരുന്നു. യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് എയർലൈനുകൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിനെ തുടർന്ന് യാത്രക്കാർക്ക് എയർലൈനുകൾ യാത്രാക്കൂലി നിശ്ചയിക്കുന്ന രീതി അറിയുന്നതിനും പട്ടികയിലുള്ള ആഭ്യന്തര എയർലൈനുകൾ അമിത നിരക്ക് ഈടാക്കുന്നതും പൊടുന്നനെ യാത്രാക്കൂലി വർദ്ധിപ്പിക്കുന്നതും തടയുവാനും എയർലൈനുകൾ അവരുടെ വെബ്സൈറ്റിൽ ഓരോ റൂട്ടിലേയും എല്ലാ വിഭാഗത്തിലുമുള്ള ടിക്കറ്റ് നിരക്കുകൾ പ്രദർശിപ്പിക്കണമെന്ന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ എയർലൈനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിമാന കമ്പനികളുമായി നേരിട്ട് ചർച്ചകളൊന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ